भा कृ अन प
ICAR

# KVK

## NEWS LETTER

Central Marine Fisheries Research Institute, (ICAR), Narakkal

No. 3 January – July 2004

*In This Issue*

* Ecofriendly and sustainable shrimp farming
* Transfer of Technology
  *Training of practicing farmers, youth and rural women*
  *Collaborative training programmes*
* Other Extension activities
  *Conduct of National Science Day*
  *Conduct of farmers meet*
  *Celebration of World Environment Day*
  *Front Line Demonstration (FLD)*
  *On Farm Testing (OFT)*
* Conduct of Scientific Advisory Committee meeting
* Publication
* Project feasibility report
* Staff deputed for training
* Programme participation

*Published by*
**Dr. P.K. Martin Thompson**
*Scientist in Charge,*
*Krishi Vigyan Kendra,*
*Central Marine Fisheries Research Institute,*
*Narakkal – 682 505. Kerala.*

**Edited by**
Shri P.M. Aboobaker,
*Training Associate*

*Phone: 0484-2492450*

### Ecofriendly and Sustainable Shrimp farming

The current status of Brackishwater shrimp farming is a complex activity with several inter related components. In recent times the shrimp farming industry has been experiencing erratic successes and failures. The erratic trend can be made into a continuously successful one by pursuing ecofriendly practices in such a way that the bacterial and viral infection can be prevented to a large extent thereby establishing a sustainable and disease free farming conditions.

To achieve this the pond preparation is a vital factor wherein the bacterial load in the farm which gets accumulated during the earlier crops has to be totally eliminated. The predatory and weed fishes has to be eradicated. The organic sludge and black soil from the pond bottom has to be removed. Trenches has to be made in the pond bottom by ploughing upto 10-15cm deep and sun dried. To stabilise the soil pH the pond bottom has to be treated with burnt lime. In case soils where there is moisture which would not get dried is treated with 150-200 kg/ha of Zeolite along with 25-50 kg/ha of soil probiotics. For nutrient enrichment of water for the development of stable plankton bloom Ammonium sulphate, Super phosphate and Dolomite at the rate of 100kg/ha is added before second ploughing. Filtered water has to be pumped into the farm to eliminate 90% of the predatory and weed fishes from entering the farm. Chlorination using bleaching powder @ 400-500 kg/ha of 1 to 1.2 m depth of water has to be done to kill eggs and developing stages of fishes and left for three days for complete dechlorination. To eliminate traces of chlorine 150-200 kg/ha of Dolomite is applied.

The success of shrimp farming depends on the availability of quality seed. The seeds need to be acclimatised till the parameters such as pH, salinity and temperature get matched. Water quality management is very important during cropping period. Water probiotics is used periodically to prevent the increase of pathogenic bacterial load. Traces of vibriosis can be treated with neem cake solution and methylene blue. To maintain good water quality, exchange of pond water is necessary during farming period. Feed has to be given from the day of stocking. Feeding rate has to be well regulated to prevent accumulation of unconsumed feed to keep water quality good.

The change of bottom condition will affect the health of shrimp by causing viral, bacterial, protozoan and fungal diseases. Viral infection can be controlled by maintaining good water quality. Other disease can be cured by proper treatment. By using feed probiotics, immuno stimulants, micronutrients and digestive enzymes the diseases caused by nutritional deficiency can be prevented

## Transfer of technology

### Training of practicing farmers, youth and rural women

Imparted training to 818 persons by conducting 42 training courses. The number of training courses and beneficiaries are as follows – Fisheries: 11 – 213; Agriculture: 14 – 289; Home Science: 15 – 278; Animal production: 1-12 and Extension personnel in Home Science 1-26.

*Collaborative training programmes*

Collaborative training programmes in association with different agencies were arranged as follows: (1) Jasmine cultivation – 5th January and preparation of Shrimp pickle- 23rd February with Social Service Society, (NGO), Ernakulam; (2) Vanilla cultivation- 17th January, Spices Board, Ernakulam; (3) Mushroom cultivation- 21st January with Udhaya Bhavan (NGO), Ernakulam; (4) Preparation of mixed fruit jam- 4th February and Preparation of Shrimp pickle - 13th September with Gramma panchayat, Kuzhipilly; (5) Preparation of cleaning powder- 21st February with Gramma panchayat, Edavanakad; (6) Mushroom cultivation- 16th March with Krishi Bhavan, Narakkal; (7) Preparation of vermi compost- 22nd March with Navodhaya Library Trust, Panaikulam; (8) Preparation of Fish pickle- 26th & 27th March with Centre for Management Development, Kalamassery; (9) Mushroom cultivation- 28th April and Jasmine cultivation- 15th May with Gramma panchayat, Mazhuvanoor; (10) Milky mushroom cultivation- 22nd June with Kerala Vegetable and Fruit promotion council, Edakkattuvayal; (11) Fresh water ornamental fish culture- 22nd June with Karupillythodu water shed project implementation Agency, Kolenchery.

## Other extension activities

*Conduct of "National Science Day"*

National Science Day was celebrated by this Kendra under this year's theme 'Encouraging scientific awareness in the community' on 28th February in the KVK campus. Shri Mahesh Mangad, Director, Thabhovanan, NGO for Youth development, Puthuvype inaugurated the programme. .

On this occasion special lectures were arranged on 'Recent advances in sustainable shrimp farming', 'Organic farming with reference to Vermi technology', 'Value addition in shrimp and fish' and 'Uses of medicinal plants'. In the interactive session, the participants actively took part in the discussion to clear their doubts. The target group which attended the function comprised of members of the farming community, rural youth, members of women self help group, and village extension workers. 45 persons attended the programme.

*Conduct of Farmers meet*

A farmer's meet on "Vanilla cultivation" was arranged in collaboration with Karshaka samiti, Elamkunnapuzha; Krishi Bhavan, Elamkunnapuzha, and Spices Board, Kochi at Co-operative Bank Auditorium, Karthedam on 15th May. 99 persons attended the meet of which 68 were women. Dr Pradeep Kumar, Scientist, Spices Board, Kochi led the interactive session during the meet.

*Celebration of World Environment Day*

The World Environmental day was celebrated on the theme "Do you want the seas and oceans dead or alive" on 5th June in the KVK campus. The programme was arranged in collaboration with Kerala Sasthra Sahithia parishad, Gramma panchayat, Narakkal and Krishi Bhavan, Narakkal. Smt Sulochana, President, Gramma panchayat, Narakkal inaugurated the programme. To preserve the bio diversity of the coastal region the importance of mangroves was discussed during the programme. Saplings of mangrove plants were also planted in and around KVK campus during the programme. 55 persons participated in the programme comprising of Agricultural Assistants, ward members of the gramma panchayat, members of the self help groups, rural youths and school students.

*Front Line Demonstration (FLD)*

Carried out the following 3 interventions under FLD programme namely i. Integrated feed management in shrimp farms ii. Introduction of Pheromone trap for the control of beetle in coconut farm iii. Feasibility of rearing hybrid poultry layer bird *gramma shree* in backyard system.

*On Farm Testing (OFT)*

Conducted the following 4 interventions under OFT programme namely i. Freshwater ornamental fish culture; ii. Introduction of improved high yielding variety of *Jasminum sambac*; iii. Testing and refining preparation of cleaning powder; and iv. Testing and development of value added products from shrimp-preparation of wafer.

## Conduct of Scientific Advisory Committee Meeting of KVK

The Scientific advisory committee meeting was held under the chairmanship of Prof (Dr) Mohan Joseph Modayil, Director, CMFRI, Kochi. The members of the SAC reviewed the KVK activities and gave suggestions for efficient functioning of KVK (20th February).

## Project feasibility report

A project report was given to Mayoori Kudumbha shree unit, East Appangadu, Narakkal for Rs 1.57 lakhs for availing loan from Narakkal Gramma panchayat under the self help group scheme to establish a unit to make and market shrimp pickle.

A feasibility certificate was issued to Smt Moni George, Pullan House, Narakkal an ex trainee of this Kendra for availing financial assistance from Women's Development Corporation, Kochi to establish a unit for the cultivation of mushroom.

A project feasibility report on "Milky mushroom cultivation" was prepared and given to Shri Sony Paul, Parambath House, Thiruvaniyoor to avail loan from the scheduled bank to establish a mushroom unit.

## Publication

P.K. Martin Thompson and P.M. Aboobaker. Ecofriendly and sustainable shrimp farming (in Hindi). Proceedings of the National Seminar on "Recent Advances in Mariculture", CMFRI Special publication No. 80: pp 29-31 (January, 2004).

P.K. Martin Thompson. Role of KVK in developing shrimp farming as livelihood of rural communities in Ernakulam District (in Hindi). 'Matsyagrandha, 2003', CMFRI, Kochi: pp 80-82 (April, 2004).

## Staff deputed for training

Shri. B. Suresh Kumar, Technical Officer attended the training course on "Recycling the farm resources- call of the

new millennium" organized by Trainers Training Centre, Avinashilingam Deemed University, Coimbatore (28th to 30th January).

Shri P.M. Aboobaker, Training Associate attended the training programme on " Facilitating Excellence in Effective Leadership" organised by Central Marine Fisheries Research Institute, Kochi (11th to 13th February).

Shri P.M. Aboobaker, Training Associate attended the training programme on " New Dimensions in Agriculture Extension Management" at *MANAGE*, Hyderabad ( 22nd to 26th March).

Smt P. Sreeletha, Training Associate attended the training programme on " Swadesi Soap making" and value added products from Jack fruit at Centre for Gandhian Studies, University of Kerala, Trivandrum (29th March to 3rd April).

## Programme participation

Dr P.K. Martin Thompson, Scientist in Charge, KVK, Narakkal :-

* Attended the "Seaweeds-2004 National Symposium and Exposition" organised by Seaweed Research and Utilization Association, Marine Fisheries Post, Tamil Nadu at Kochi ( 22nd to 24th January).

* Attended the work shop on 'Kisan Vani' organized by PRASAR BHARATI, New Delhi at Coconut Development Board, Kochi (6th February).

* Attended the meeting of the Scientist in Charge of Regional/Research centres of CMFRI at Kochi (11th March).

* Attended the Official language implementation committee meeting of the Institute at CMFRI, Kochi ( 26th March).

* Attended the meeting and seminar on "Empowering Migrant women labourers" organised by Department of Labour, Government of Kerala at Co operative Bank Auditorium, Puthuvype. Presented a paper on the "Role of KVK on empowering rural women for self employment through KVK training programmes"( 29th March).

* Attended the meeting of the Task force to prevent the spread of communicable diseases during the monsoon period convened by the Vypeen Block Panchayat President at Community Health Centre, Malipuram ( 28th April).

* Attended the Site Committee meeting for the implementation of IIIrd phase of the "Institution Village-Linkage-Programme (IVLP) for Technology Assessment and Refinement in the coastal Agro-Ecosystem of Ernakulam District at CMFRI, Kochi ( 14th May).

* Dr. P.K. Martin Thompson, Scientist in Charge and Shri P.M. Aboobaker, Training Associate attended the All India Scientific seminar in Hindi on "Recent Advances in mariculture" (30th January).

Shri P.M Aboobaker, Training Associate KVK Narakkal:-

* Attended the National Watershed Development Programme for Rainfed Areas (NWDPRA) Xth plan project meeting of the District Nodal Agency convened by the Principal Agricultural Officer, Ernakulam at Civil Station Kakkanad (20th February and 4th June).

Shri B. Suresh Kumar, Technical Officer, KVK Narakkal:-

* Attended the inauguration of the Panakkapadam Swasreya Sangham nursery at Karthedam. In the Agricultural seminar which followed the inauguration presented a paper on "Vermi technology" ( 19th June).

## പരിസ്ഥിതിയോജ്യവും നിലനിർത്താവുന്നതുമായ ഓരുജല ചെമ്മീൻ കൃഷി


ഓരുജല ചെമ്മീൻ കൃഷിയുടെ ഇപ്പോഴത്തെ അവസ്ഥ പരസ്പര പൂരകങ്ങളായ ഒട്ടനവധി സങ്കീർണ്ണ ഘടകങ്ങൾ ചേർന്നതാണ്. അടുത്ത കാലങ്ങളിൽ ചെമ്മീൻ കൃഷിയുടെ വിജയവും പരാജയവും പ്രവചിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്. ഈ അവസ്ഥയിൽ നിന്ന് ഇതിനെ സ്ഥായിയായി വിജയം വരിക്കുന്ന അവസ്ഥയിലേക്ക് മാറ്റേണ്ടതുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ രീതികൾ അവലംബിച്ചാൽ ബാക്ടീരിയ, വൈറസ് രോഗങ്ങളിൽ നിന്നും ചെമ്മീൻ കൃഷിയെ മുക്തമാക്കുക വഴി വലിയ ഒരളവിൽ ഈ പ്രശ്നം പരിഹരിക്കാം.

ഇതുനേടുന്നതിന് നിലം ഒരുക്കലിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. മുമ്പ് ചെയ്ത ചെമ്മീൻ കൃഷിയിൽ കൂടി നിലത്തിന്റെ അടിയിൽ അടിഞ്ഞുകൂടിയ കീടാണുക്കളെ പൂർണ്ണമായും നീക്കം ചെയ്യേണ്ടതുണ്ട്. മറ്റുമീനുകളെ പിടിച്ചുതിന്നുന്ന മത്സ്യങ്ങളെയും കള മത്സ്യങ്ങളെയും നശിപ്പിക്കണം. അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന ജൈവ മാലിന്യങ്ങളുള്ള ചെളി മുഴുവനും കോരി മാറ്റുക. 10-15 സെന്റിമീറ്റർ ആഴത്തിൽ അടിത്തട്ട് ഉഴുത് ചാലുകളാക്കിയ ശേഷം സൂര്യപ്രകാശത്താൽ നന്നായി ഉണക്കുക. വെള്ളത്തിന്റെ ജലഗുണം (pH) യോജിച്ച അളവിൽ നിലനിർത്താൻ അടിത്തട്ടിൽ കുമ്മായം വിതറുക. പൂർണ്ണമായും ഉണക്കാൻ പറ്റാത്ത രീതിയിൽ അടിത്തട്ടുള്ള ഈർപ്പമുള്ള സ്ഥലങ്ങളിൽ ഒരു ഹെക്ടറിന് 150-200 കിലോഗ്രാം സിയോലൈറ്റ്, 25-50 കിലോഗ്രാം മൺ പ്രോബയോട്ടിക്കും ചേർത്ത് ഇട്ടുകൊടുക്കണം. സ്ഥായിയായി സസ്യപ്ലവകങ്ങൾ വെള്ളത്തിൽ ഉണ്ടാക്കി വെള്ളത്തിന്റെ ഗുണം ഉയർത്തുവാൻ ഒരു ഹെക്ടറിന് 100 കിലോഗ്രാം കണക്കിൽ അമോണിയം സൽഫേറ്റും, സൂപ്പർ ഫോസ്ഫേറ്റും, ഡോളോമേറ്റും നിലം രണ്ടാമത് ഉഴുതു മറിക്കുന്നതിനുമുമ്പായി പ്രയോഗിക്കണം. പരാന്ന മത്സ്യങ്ങളുടെയും കളമത്സ്യങ്ങളുടെയും കുഞ്ഞുങ്ങളും മുട്ടകളും വെള്ളത്തിൽ കൂടി പാടത്തേക്ക് കയറുന്നത് തടയുവാനായി നന്നായി അരിച്ച വെള്ളം മാത്രം പാടത്തേക്ക് പമ്പ് ചെയ്ത് നിറക്കുക. ജലത്തിൽ പെട്ടുപോയിട്ടുള്ള മീനിന്റെയും മറ്റു ക്ഷുദ്രജീവികളുടെയും മുട്ടയും കുഞ്ഞുങ്ങളും നശിപ്പിക്കുന്നതിനായി 1.2 മീറ്റർ ആഴം വെള്ളമുള്ള ഒരു ഹെക്ടറിന് 400-500 കിലോഗ്രാം എന്നയളവിൽ ബ്ലീച്ചിങ്ങ് പൗഡർ വെള്ളത്തിൽ കലക്കുക. മൂന്നുദിവസം വെള്ളം അതുപോലെ നിലനിർത്തുക. അധികഭാഗം ക്ലോറിനും വെള്ളത്തിൽനിന്നും സ്വയമേ പോയിട്ടുണ്ടാകും. അവശേഷിക്കുന്ന ക്ലോറിനേയും വെള്ളത്തിൽനിന്നും പൂർണ്ണമായി നീക്കം ചെയ്യുവാൻ മേൽ പറഞ്ഞ അളവിൽ 150-200 കിലോഗ്രാം ഡോളമേറ്റ് പ്രയോഗിക്കുക.

നല്ലയിനം കുഞ്ഞുങ്ങളുടെ ലഭ്യത ചെമ്മീൻ കൃഷിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. വെള്ളത്തിന്റെ ജലഗുണം (pH) ലവണാംശം, ഉഷ്മാവ് എന്നീ ഘടകങ്ങളുമായി ഇണക്കിയതിനുശേഷമേ കുഞ്ഞുങ്ങളെ പാടത്ത് നിക്ഷേപിക്കുവാൻ പാടുള്ളൂ. വെള്ളത്തിന്റെ ഗുണവും അതിന്റെ ഗുണം നിലനിർത്താനുള്ള പരിപാലനവും കൃഷിചെയ്യുന്ന കാലയളവിൽ വളരെ ആവശ്യമാണ്. ഗുണം നിലനിർത്താൻ കൃഷിയിടങ്ങളിൽ വെള്ളം മാറ്റൽ വളരെ പ്രധാനമാണ്. രോഗങ്ങളുണ്ടാക്കുന്ന ബാക്റ്റീരിയകളെ തടയാൻ ജലപ്രോബയോട്ടിക് ഇടക്കിടെ ഉപയോഗിക്കണം. 'വിബ്രിയോസിസ്' രോഗബാധയെ വേപ്പ് പിണ്ണാക്ക് ലായനിയും മെത്തിലിൻ ബ്ലൂവും ചേർന്നുള്ള മിശ്രിതം കൊണ്ട്



*Training programme on Vanilla cultivation*
*വാനില കൃഷി പരിശീലന പരിപാടി*



*Smt Sulochana, President, Gramma panchayat, Narakkal inaugurating World Environmental day programme.*
ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സുലോചന ലോക പരിസ്ഥിതി ദിനം ഉൽഘാടനം ചെയ്യുന്നു.



*Training programme on medicinal plant cultivation*
*ഔഷധ സസ്യ കൃഷി പരിശീലന പരിപാടി*



*Distribution of Gramma shree' layer birds under FLD programme*
*പ്രദർശനത്തോട്ട പദ്ധതിയിൽ കീഴിൽ 'ഗ്രാമശ്രീ' മുട്ടക്കോഴി വിതരണം*

നിയന്ത്രിക്കാം. കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ദിവസം മുതൽ അവയ്ക്ക് തീറ്റ നൽകണം. ഭക്ഷണം ക്രമീകരിച്ച് ആവശ്യത്തിനു മാത്രമെ നൽകാവൂ. അമിത ഭക്ഷണം ഉപയോഗശൂന്യമായി കെട്ടിക്കിടന്ന് വെള്ളം ചീത്തയാകാൻ ഇടയാകും.

കൃഷിനിലത്തിന്റെ അവസ്ഥകൾ മാറുന്നത് ചെമ്മീനിന്റെ ആരോഗ്യത്തെ ബാധിക്കും. ഇത് വൈറസ്, ബാക്റ്റീരിയ, പ്രോട്ടോസോവ, പൂപ്പൽ എന്നിവകൊണ്ടുള്ള രോഗങ്ങൾക്ക് കാരണമാകും. വൈറസ് രോഗങ്ങൾ വരാതിരിക്കാൻ വെള്ളത്തിന്റെ ഗുണം നന്നായി നിലനിർത്തിയാൽ മതിയാകും. മറ്റുരോഗങ്ങൾ യഥാവിധി ചികിത്സ നടത്തിയും മാറ്റാൻ കഴിയും. ഫീഡ് പ്രോബയോട്ടിക്കുകൾ, രോഗപ്രതിരോധ സ്റ്റിമുലന്റുകൾ, മൈക്രോന്യൂട്രിയന്റുകൾ, ദഹനത്തെ സഹായിക്കുന്ന എൻസൈമുകൾ എന്നിവ ഉൾപ്പെടുത്തി ഭക്ഷണത്തിലെ പോഷണക്കുറവുകൾ പരിഹരിക്കാം.

## സാങ്കേതികവിദ്യ കൈമാറ്റം

**കർഷകർ, ഗ്രാമീണ യുവതീ യുവാക്കൾ എന്നിവർക്കുള്ള പരിശീലന പരിപാടികൾ**

42 കോഴ്സുകളിലായി 818 പേർക്ക് പരിശീലനം നൽകപ്പെട്ടു. വിവിധ വിഷയങ്ങളിലെ പരിശീലന പരിപാടികളുടെയും ഗുണഭോക്താക്കളുടെയും എണ്ണം ഇപ്രകാരമാണ് :-

ഫിഷറീസ്: 11-213; കൃഷി : 14-289; ഹോം സയൻസ് : 15-278; മൃഗ സംരക്ഷണം: 1-12: ഹോം സയൻസിലുള്ള വിജ്ഞാന വ്യാപന പ്രവർത്തകർക്ക് : 1-26

**സംയുക്ത പരിശീലന പരിപാടികൾ**

വിവിധ ഏജൻസികളുമായി യോജിച്ച് താഴെ പറയുന്നപ്രകാരം സംയുക്ത പരിശീനല കോഴ്സുകൾ നടത്തപ്പെട്ടു.

(1) എറണാകുളം സോഷ്യൽ സർവ്വീസ് ഏജൻസി (NGO) യുമായി ജനുവരി 5ന് - **മുല്ല കൃഷി**, ഫെബ്രുവരി 23ന് - **ചെമ്മീൻ അച്ചാർ**; (2) എറണാകുളം സുഗന്ധ വിള ബോർഡുമായി ജനുവരി 17ന് - **വനില കൃഷി**; (3) എറണാകുളം ഉദയഭവനു (NGO) മായി ജനുവരി 21ന് - **കൂൺകൃഷി**; (4) കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തുമായി ഫെബ്രുവരി 4ന് - **മിശ്രിതഫല ജാം**, സെപ്റ്റംബർ 13ന് - **ചെമ്മീൻ അച്ചാർ**; (5) എടവനക്കാട് ഗ്രാമപഞ്ചായത്തുമായി ഫെബ്രുവരി 21ന് - **ക്ലീനിംഗ് പൗഡർ**; (6) ഞാറക്കൽ കൃഷിഭവനുമായി മാർച്ച് 16ന് - **കൂൺകൃഷി**; (7) പാനായികുളം നവോദയ ലൈബ്രറി ട്രസ്റ്റുമായി മാർച്ച് 22ന് - **മണ്ണിര കമ്പോസ്റ്റ് ഉൽപാദനം**; (8) കളമശ്ശേരി മാനേജ്മെന്റ് വികസന കേന്ദ്രവുമായി മാർച്ച് 26നും 27നും - **മീൻ**

അച്ചാർ; (9) മഴുവന്നൂർ ഗ്രാമപഞ്ചായത്തുമായി ഏപ്രിൽ 28ന് - കൂൺകൃഷി; മെയ് 15ന് - മുല്ലകൃഷി, (10) എടക്കാട്ടുവയൽ കേരള പച്ചക്കറി-ഫല പ്രോത്സാഹന സമിതിയുമായി ജൂൺ 22ന് - പാൽകൂൺ കൃഷി; (11) കോലഞ്ചേരി കറുപ്പിള്ളിതോട് നീർമറി പദ്ധതി നടപ്പാക്കൽ ഏജൻസിയുമായി ജൂൺ 22ന് - അലങ്കാര മത്സ്യകൃഷി.

## മറ്റ് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

### ദേശീയ ശാസ്ത്ര ദിനാചരണം

ഫെബ്രുവരി 28ന് കൃഷി വിജ്ഞാന കേന്ദ്രം ക്യാമ്പസിൽ വച്ച് ദേശീയ ശാസ്ത്ര ദിനം ആചരിക്കപ്പെട്ടു. "സമൂഹത്തിലേക്ക് ശാസ്ത്ര അവബോധം പ്രോത്സാഹിപ്പിക്കുക" എന്നതായിരുന്നു ഈ വർഷത്തിന്റെ മുദ്രാവാക്യം. പുതുവൈപ്പ് തപോവനം (NGO) ഡയറക്ടർ ശ്രീ. മഹേഷ് മങ്ങാട് പരിപാടി ഉദ്ഘാടനം ചെയ്തു.


ഈ അവസരത്തിൽ 'നിലനിർത്താവുന്ന ഓരുജല മത്സ്യകൃഷിയുടെ നൂതന കാൽ വയ്പ്പുകൾ', 'മണ്ണിര കമ്പോസ്റ്റ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ജൈവ കൃഷി', 'ചെമ്മീനിലും മീനിലും മൂല്യവർദ്ധനം', 'ഔഷധ സസ്യങ്ങളുടെ ഉപയോഗങ്ങൾ' എന്നീ വിഷയങ്ങളിൽ പ്രത്യേക ക്ലാസുകളും നടത്തപ്പെട്ടു. ചടങ്ങിൽ സന്നിഹിതരായിരുന്നവർ ചർച്ചകളിലും സംശയനിവാരണങ്ങളിലും സജീവമായി പങ്കെടുത്തു. കർഷകർ, ഗ്രാമീണ യുവജനങ്ങൾ, സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ, ഗ്രാമ വിജ്ഞാന വ്യാപന പ്രവർത്തകർ എന്നിവർ ഉൾപ്പെട്ടതായിരുന്നു സദസ്സ്. 45 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

### കർഷക സംഗമം

എളങ്കുന്നപ്പുഴ കർഷക സമിതിയും എളങ്കുന്നപ്പുഴ കൃഷിഭവനും, കൊച്ചി സുഗന്ധവിള ബോർഡുമായി യോജിച്ച് മെയ് 15ന് കർത്തേടം കോ-ഓപ്പറേറ്റീവ് ബാങ്ക് ആഡിറ്റോറിയത്തിൽ വച്ച് വനില കൃഷി കർഷക സംഗമം നടത്തപ്പെട്ടു. 68 സ്ത്രീകൾ ഉൾപ്പെടെ 99 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. , കൊച്ചി സുഗന്ധവിള ബോർഡിലെ ശാസ്ത്രജ്ഞനായ ഡോ: പ്രദീപ് കുമാർ ഈ പരിപാടിയിലെ പരിശീലന ക്ലാസും മുഖാമുഖം പരിപാടിയും നയിച്ചു. 68 സ്ത്രീകൾ ഉൾപ്പെടെ 99 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

### ലോകപരിസ്ഥിതി ദിനാഘോഷം


ജൂൺ 5-ാം തീയതി ഞാറക്കൽ കൃഷിവിജ്ഞാന കേന്ദ്രം ആഫീസിൽ വച്ച് ലോകപരിസ്ഥിതി ദിനം ആചരിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്തും ഞാറക്കൽ ഗ്രാമപഞ്ചായത്തും ഞാറക്കൽ കൃഷിഭവനും സംയുക്തമായാണ് ഈ പരിപാടി നടത്തിയത്. "സമുദ്രങ്ങളും, മഹാസമുദ്രങ്ങളും ജീവിക്കണമോ, മരിക്കണമോ" എന്നതായിരുന്നു വിഷയം. ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുലോചന പരിപാടികൾ ഉൽഘാടനം ചെയ്തു. തീരദേശങ്ങളുടെ പരിസ്ഥിതി നിലനിർത്താൻ കണ്ടൽ കാടുകളുടെ പ്രാധാന്യത്തെപ്പറ്റി പരിപാടിയിൽ ചർച്ചചെയ്തു. തദവസരത്തിൽ കണ്ടൽ ചെടികളുടെ തൈകൾ കൃഷി വിജ്ഞാനകേന്ദ്രം ക്യാമ്പസിന് ചുറ്റും നടുകയുണ്ടായി. കൃഷി



*Shri Mahesh Mangad, Director, Thabhovanam inaugurating the National Science Day celebration*
തപോവനം ഡയറക്ടർ ശ്രീ. മഹേഷ് മങ്ങാട്ട് ദേശീയ ശാസ്ത്രദിനം ഉൽഘാടനം ചെയ്യുന്നു.



*Conduct of SAC meeting*
ശാസ്ത്ര ഉപദേശകസമിതി യോഗം



*Pheromone trap for beetle in coconut palm*
തെങ്ങു തോട്ടത്തിലെ ചെല്ലി നിയന്ത്രണത്തിനായി ഫെറമോൺ കെണി



*Fresh water ornamental fish demonstration unit in KVK campus*
ശുദ്ധജല അലങ്കാരമത്സ്യ കൃഷി പ്രദർശന യൂണിറ്റ്

അസിസ്റ്റന്റുമാർ, ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർമാർ സ്വയം സഹായ സംഘാംഗങ്ങൾ, ഗ്രാമീണ യുവജനങ്ങൾ, സ്കൂൾ കുട്ടികൾ എന്നിവർ അടങ്ങുന്ന 55 പേർ പരിപാടിയിൽ പങ്കെടുത്തു.

## പ്രദർശന തോട്ടങ്ങൾ

മൂന്ന് പ്രദർശന തോട്ടങ്ങൾ സംഘടിപ്പിച്ചു.

1) ചെമ്മീൻ പാടങ്ങളിൽ സംയോജിത ആഹാര പരിപാലനം, 2) തെങ്ങിൻതോപ്പുകളിൽ ചെല്ലി നിയന്ത്രണത്തിനായി ഫെറമോൺ കെണികൾ, 3) വീട്ടുവളപ്പിൽ 'ഗ്രാമശ്രീ' ഇനം മുട്ടക്കോഴി വളർത്തലിന്റെ സാധ്യതകൾ

## കൃഷിയിടത്തിലെ പരീക്ഷണം

നാല് പരീക്ഷണങ്ങൾ ഇതിൽ ഉൾപ്പെടുത്തി നടത്തപ്പെട്ടു.

1) ശുദ്ധജല അലങ്കാര മത്സ്യകൃഷി, 2) അധിക വിള നൽകുന്ന *ജാസ്മിനം സമ്പാക്ക്* എന്ന ഇനം മുല്ലച്ചെടിയുടെ അവതരണം, 3) ക്ലീനിംഗ് പൗഡർ നിർമ്മാണത്തിൽ പരിഷ്കരണം, 4) ചെമ്മീനിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ വികസനം - ചെമ്മീൻ പപ്പടം നിർമ്മാണം.

## കെ.വി.കെ.യുടെ ശാസ്ത്ര ഉപദേശക സമിതി യോഗം

ഫെബ്രുവരി 20ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ പ്രൊ: (ഡോ:) മോഹൻ ജോസഫ് മോടയിലിന്റെ അദ്ധ്യക്ഷതയിൽ സി.എം.എഫ്.ആർ.ഐ. യിൽ വച്ച് കെ.വി.കെ.യുടെ ശാസ്ത്ര ഉപദേശക സമിതി യോഗം നടത്തപ്പെട്ടു. കമ്മിറ്റി അംഗങ്ങൾ കെ.വി.കെ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

## പദ്ധതി സാദ്ധ്യതാ റിപ്പോർട്ട്

ഞാറക്കൽ കിഴക്കേ അപ്പങ്ങാട് മയൂരി കുടുംബശ്രീ ഘടകത്തിന് ചെമ്മീൻ അച്ചാർ ഉൽപാദന വിപണന ഘടകം തുടങ്ങുവാനായി ഞാറക്കൽ ഗ്രാമപഞ്ചായത്തിൽനിന്നും 1.57 ലക്ഷം രൂപ വായ്പ ലഭ്യമാക്കുന്നതിലേക്കായി പദ്ധതി സാദ്ധ്യതാ റിപ്പോർട്ട് നല്കി.

ഈ കേന്ദ്രത്തിൽനിന്നും പരിശീലനം നേടിയ ഞാറക്കൽ പുല്ലൻ വീട്ടിൽ ശ്രീമതി മോനി ജോർജ്ജിന് കൂൺ കൃഷി ആരംഭിക്കുവാൻ കൊച്ചി വനിതാ വികസന കോർപ്പറേഷനിൽനിന്നും വായ്പ ലഭിക്കുവാൻ വേണ്ടി പദ്ധതി സാദ്ധ്യതാ റിപ്പോർട്ട് നല്കി.

തിരുവാണിയൂർ പറമ്പത്ത് വീട്ടിൽ ശ്രമീതി സോണി പോളിന് ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും പാൽ കൂൺ കൃഷിക്ക് വായ്പലഭിക്കുന്നതിനുവേണ്ടി പദ്ധതി സാദ്ധ്യതാ റിപ്പോർട്ട് നല്കി.

## പ്രസിദ്ധീകരണങ്ങൾ

പി. കെ. മാർട്ടിൻ തോംസൺ, പി. എം. അബുബക്കർ. 'പരിസ്ഥിതി യോജ്യവും നിലനിർത്താവുന്നതുമായ ചെമ്മീൻ കൃഷി' (ഹിന്ദിയിൽ). കടൽ കൃഷിയിലെ നൂതന കാൽവയ്പ്പുകൾ, സി.എം.എഫ്.ആർ.ഐ. പ്രത്യേക പ്രസിദ്ധീകരണം, ന: 80 പേജുകൾ 29 – 31 (ജാനുവരി, 2004).

പി. കെ. മാർട്ടിൻ തോംസൺ. 'എറണാകുളം ജില്ലയിലെ ഗ്രാമ നിവാസികൾക്ക് ജീവിത മാർഗ്ഗത്തിന് ചെമ്മീൻ കൃഷി വികസനത്തിൽ കെ.വി.കെ.യുടെ പങ്ക്' (ഹിന്ദിയിൽ). മത്സ്യഗന്ധ 2003, സി.എം.എഫ്ആർ.ഐ., കൊച്ചി, പേജുകൾ 80 – 82 (ഏപ്രിൽ 2004).

## ജീവനക്കാരെ പരിശീലനത്തിനായി നിയോഗിക്കൽ

ശ്രീ. ബി. സുരേഷ്കുമാർ, ടെക്നിക്കൽ ഓഫീസർ കോയമ്പത്തൂർ അവിനാശിലിംഗം ഡീംഡ് സർവ്വകലാശാല പരിശീലക പരിശീലന കേന്ദ്രം നടത്തിയ "ഫാം വിഭവങ്ങളുടെ പുനരുപയോഗം ഈ നൂറ്റാണ്ടിന്റെ വിളി" എന്ന പരിശീലന കോഴ്സിൽ പങ്കെടുത്തു (ജനുവരി 28 – 30).

ശ്രീ. പി. എം. അബൂബക്കർ, ട്രെയിനിംഗ് അസോസിയേറ്റ് കൊച്ചി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം സംഘടിപ്പിച്ച 'ഫലപ്രദമായ നേതൃത്വത്തിന് മേൻമ സുഗമമാക്കൽ' എന്ന പരിശീലന കോഴ്സിൽ പങ്കെടുത്തു (ഫെബ്രുവരി 11 – 13).

ശ്രീ. പി. എം. അബൂബക്കർ, ട്രെയിനിംഗ് അസോസിയേറ്റ് ഹൈദരാബാദ് ദേശീയ കൃഷി വികസന പരിപാലന കേന്ദ്രം *(MAN-AGE)* "കൃഷി വിഞ്ജാന വ്യാപന പരിപാലനത്തിന്റെ പുതിയ മാനങ്ങൾ" എന്ന വിഷയത്തിൽ നടത്തിയ പരിശീലന പരിപാടിയിൽ പങ്കെടുത്തു(മാർച്ച് 22 – 26).

ശ്രീമതി. പി. ശ്രീലത, ട്രെയിനിംഗ് അസോസിയേറ്റ് നടത്തിയ കേരള സർവ്വകലാശാല തിരുവനന്തപുരം ഗാന്ധിയൻ സ്റ്റഡി സെന്റർ, "സ്വദേശി സോപ്പ് നിർമ്മാണവും" "ചക്കപ്പഴത്തിൽനിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ" എന്നീ വിഷയങ്ങളിൽ നടത്തിയ പരിശീലന പരിപാടികളിൽ പങ്കെടുത്തു മാർച്ച് 29 – ഏപ്രിൽ 3).

## പരിപാടികളിൽ പങ്കെടുക്കൽ

ഡോ: പി. കെ. മാർട്ടിൻ തോംസൺ, ഞാറക്കൽ കെ.വി.കെ. സയന്റിസ്റ്റ് ഇൻ ചാർജ്ജ് പങ്കെടുത്ത പരിപാടികൾ

* തമിഴ്നാട് മറൈൻ ഫിഷറീസ് പോസ്റ്റ് കടൽപായൽ ഗവേഷണ - ഉപയോഗ സംഘടന കൊച്ചിയിൽ സംഘടിപ്പിച്ച "കടൽ പായൽ - 2004 സിമ്പോസിയവും പ്രദർശനവും" (ജനുവരി 22 – 24).

* ന്യൂ ഡൽഹി പ്രസാർ ഭാരതി, കൊച്ചി നാളികേരവികസന ബോർഡിൽ വച്ച് നടത്തിയ 'കിസാൻ വാണി' ശില്പശാല (ഫെബ്രുവരി 6ന്)

* സി.എം.എഫ്.ആർ.ഐ. കൊച്ചിയിൽ വെച്ച് നടത്തിയ പ്രാദേശിക / ഗവേഷണ സെന്ററുകളുടെ സയിന്റിസ്റ്റ് ഇൻ ചാർജ്മാരുടെ യോഗം (മാർച്ച് 26ന്).

* സി.എം.എഫ്.ആർ.ഐ., കൊച്ചിയിൽ വച്ച് നടത്തിയ ഭരണഭാഷാ നടപ്പാക്കൽ സമിതി യോഗം (മാർച്ച് 26ന്).

* കേരള സർക്കാരിന്റെ തൊഴിൽ വകുപ്പ് പുതുവൈപ്പ് സഹകരണ ബാങ്ക് ആഡിറ്റോറിയത്തിൽ വച്ച് നടത്തിയ യോഗത്തിലും "കുടിയേറ്റ വനിതാ തൊഴിലാളികളിൽ സ്ത്രീ ശാക്തീകരണം" എന്ന സെമിനാറിലും, സെമിനാറിൽ "പരിശീലന പരിപാടികളിലൂടെ സ്വയം തൊഴിൽ നേടുവാൻ സ്ത്രീ ശാക്തീകരണത്തിൽ കെ.വി.കെ.ക്കുള്ള പങ്കാളിത്തം" എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു (മാർച്ച് 29ന്)

* മാലിപ്പുറം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ വെച്ച് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിളിച്ചുകൂട്ടിയ, പകർച്ചവ്യാധി തടയുന്നതിനുവേണ്ടി രൂപീകരിച്ച ടാസ്ക് ഫോഴ്സ് യോഗം (ഏപ്രിൽ 28ന്)

* എറണാകുളം ജില്ലയിലെ സ്ഥാപന-ഗ്രാമ സമ്പർക്ക പദ്ധതി (ഐ.വി.എൽ.പി.) യുടെ 3-ാം ഘട്ടം നടപ്പാക്കാനുള്ള സ്ഥല നിർണ്ണയ സമിതി യോഗം കൊച്ചി സി.എം.എഫ്.ആർ.ഐ.യിൽ വച്ച് (മെയ് 14ന്)

* ഡോ: പി. കെ. മാർട്ടിൻ തോംസൺ, സയന്റിസ്റ്റ് ഇൻ ചാർജും, ശ്രീ. പി. എം. അബുബക്കർ, ട്രെയിനിംങ്ങ് അസോസിയേറ്റും: 'സമുദ്ര ജല കൃഷിയിലെ നൂതന കാൽവയ്പ്പുകൾ' എന്ന അഖിലേന്ത്യ ഹിന്ദി ശാസ്ത്ര സെമിനാർ (ജനുവരി 30ന്).

* ശ്രീ. പി. എം. അബുബക്കർ ട്രെയിനിംങ്ങ് അസോസിയേറ്റ്: എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ മുഖ്യ കൃഷി ഓഫീസർ വിളിച്ചുകൂട്ടിയ, മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങൾക്കുള്ള ദേശീയ നീർമറി വികസന പദ്ധതിയുടെ പത്താം പദ്ധതി ജില്ലാ നോഡൽ ഏജൻസി യോഗങ്ങൾ (ഫെബ്രുവരി 20നും, ജൂൺ 14നും).

* ശ്രീ. ബി. സുരേഷ് കുമാർ, ടെക്നിക്കൽ ഓഫീസർ, പനക്കപ്പാടം സ്വാശ്രയസംഘത്തിന്റെ കർത്തേടം നേഴ്സറി ഉൽഘാടന പരിപാടിയും തുടർന്നുള്ള കൃഷി സെമിനാറും. സെമിനാറിൽ മണ്ണിര കമ്പോസ്റ്റ് സാങ്കേതിക വിദ്യയിൽ ഒരു പ്രബന്ധവും അവതരിപ്പിച്ചു (ജൂൺ 19ന്).


Printer at C.C. Press Narakal, Ph: 2492225, 3392225